പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1267 — 11.06.2019-ൽ മറുപടിക്ക്

**ഇരവിപുരം, മയ്യനാട് റെയിൽ ഓവർബ്രിഡ്ജുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. നൗഷാദ് : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഇരവിപുരം നിയോജകമണ്ഡലത്തിലെ ഇരവിപുരം റെയിൽ ഓവർ ബ്രിഡ്ജ്, മയ്യനാട് റെയിൽ ഓവർബ്രിഡ്ജ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) ഇരവിപുരം റെയിൽവേ മേൽപ്പാല പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കിഫ്ബിയ്ക്ക് സമർപ്പിക്കുകയും കിഫ്ബി 16.05.2017-ന് പദ്ധതിയ്ക്ക് 31.60 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള അപേക്ഷ ആർബി.ഡി.സി.കെ കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് വിലയിരുത്താൻ വേണ്ടി എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനായി ഒരു സാങ്കേതിക വിദഗ്ധനെ ആർബി.ഡി.സി.കെ നിർദ്ദേശിച്ചിട്ടുണ്ട്.<br>മയ്യനാട് റെയിൽവേ മേൽപ്പാല പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കിഫ്ബിയ്ക്ക് സമർപ്പിക്കുകയും കിഫ്ബി 09.11.2018-ന് പദ്ധതിയ്ക്ക് 25.94 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി 24.12.2018-ൽ കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം |

| | |
|---|---|
| | സമർപ്പിച്ചിട്ടുണ്ട്. നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലി തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) നിർദ്ദിഷ്ട റെയിൽ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) ഭൂമി ഏറ്റെടുത്ത് ലഭിക്കുന്ന മുറയ്ക്ക്, പ്രവൃത്തി ടെൻഡർ ചെയ്ത് 18 മാസത്തിനുള്ളിൽ പൂർത്തികരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |



സെക്ഷൻ ഓഫീസർ